"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - തിരൂർ ഭാഗ്യക്കുറി സബ് ഓഫീസ് മാറ്റിസ്ഥാപിക്കുന്നതിനായി കണ്ടെത്തിയ BSNL കെട്ടിടം ഓഫീസ് പ്രവർത്തനത്തിനനുയോജ്യമായ വിധത്തിൽ ഫർണിഷ് ചെയ്യുന്നതിന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് ഭരണാനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.323/2025/TAXES തീയതി,തിരുവനന്തപുരം, 04-04-2025

---

പരാമർശം:- 1. 11/06/2024 തീയതിയിലെ സ.ഉ(സാധാ)നം.515/2024/നി.വ

2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 04/03/2025 എന്നീ തീയതികളിലെ SLTY/3978/2023-MOD INFRA1 SL നമ്പർ കത്ത്

**ഉത്തരവ്**

തിരൂർ ഭാഗ്യക്കുറി സബ് ഓഫീസിന്റെ പ്രവർത്തനത്തിനായി BSNL-ന്റെ ഉടമസ്ഥതയിലുള്ള 1980 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടം ₹31,680+GST നിരക്കിൽ വാടകയ്ക്ക് എടുക്കുന്നതിനും, ഓരോ വർഷവും 5% വാടക വർദ്ധനവ് വരുത്തുന്നതിനുമുള്ള ഭരണാനുമതി നല്കി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത കെട്ടിടം ഓഫീസ് പ്രവർത്തനത്തിന് അനുയോജ്യമാകും വിധം ഫർണിഷ് ചെയ്യുന്നതിനായി പരാമർശം (2) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്.

2. ഇതിനായി വ്യത്യസ്ത ഏജൻസികളിൽ നിന്ന് ക്വട്ടേഷനുകൾ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ എസ്റ്റിമേറ്റ് തുകയായ ₹9,96,613/- (ഒൻപത് ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി അറുനൂറ്റി പതിമൂന്ന് രൂപ മാത്രം) ലഭ്യമാക്കിയ SIDCO-യ്ക്ക് തിരൂർ ഭാഗ്യക്കുറി സബ് ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിനായി കണ്ടെത്തിയ BSNL കെട്ടിടം ഓഫീസ് പ്രവർത്തനത്തിനനുയോജ്യമായ വിധത്തിൽ ഫർണിഷ് ചെയ്യുന്നതിന് വർക്ക് ഓർഡർ നല്കുന്നതിന് അനുമതി നല്കണമെന്ന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരൂർ ഭാഗ്യക്കുറി

സബ് ഓഫീസ് മാറ്റിസ്ഥാപിക്കുന്നതിനായി കണ്ടെത്തിയ BSNL കെട്ടിടം ഓഫീസ് പ്രവർത്തനത്തിനനുയോജ്യമായ വിധത്തിൽ ₹9,96,613/- (ഒൻപത് ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി അറുനൂറ്റി പതിമൂന്ന് രൂപ മാത്രം) ചെലവിൽ ഫർണിഷ് ചെയ്യുന്നതിന് SIDCO-യ്ക്ക് വർക്ക് ഓർഡർ നല്കുന്നതിനും ടി ചെലവ് '2075-00-103-94-17 objects' എന്ന ശീർഷകത്തിൽ നിന്ന് വഹിക്കുന്നതിനും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആതിര എസ് വി കെ എ എസ്
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)കേരള, തിരുവനന്തപുരം
4. നോഡൽ ഓഫീസർ, കേരള സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ കാര്യാലയം (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി)
5. ധനകാര്യ വകുപ്പ് (28.12.2024-ലെ 2714264/Exp B1/103/2024/Fin പ്രകാരം)
6. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ ഓഫീസ് കോപ്പി ( TAXES-H1/268/2024-TAXES)

ഉത്തരവിൻ പ്രകാരം
Signed by
Babu. G
Date: 04-04-2025 12:24:25
സെക്ഷൻ ഓഫീസർ